ഉത്തരം

(എ) അരി മോശമായതാണെന്ന് പൊതുവെ പരാതിയുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇല്ല.

(സി) കിട്ടിയിരുന്നു.

(ഡി) മണ്ണെണ്ണ ലഭ്യമാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു.

ഹരിജനങ്ങൾക്ക് കേരളാസ്റ്റോറുകൾ അനുവദിക്കുവാൻ നടപടി

15 [30] കല്ലട നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷം എത്ര കേരളാസ്റ്റോറുകൾ തുടങ്ങുവാനാണ് ഉദ്ദേശിച്ചിട്ടുള്ളത്;

(ബി) ഏതെല്ലാം താലൂക്കുകളിൽ;

(സി) ഇതിനകം എത്രയെണ്ണം തുടങ്ങിയെന്ന് വ്യക്തമാക്കുമോ;

(ഡി) ഒരു പഞ്ചായത്തിൽ ഒരെണ്ണമെങ്കിലും ഹരിജനങ്ങൾക്ക് അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഈ വർഷാവസാനത്തോടുകൂടി കുറഞ്ഞത് 500 സ്റ്റോറുകൾ എങ്കിലും തുടങ്ങുവാനാണ് ഉദ്ദേശിച്ചിട്ടുള്ളത്,

(ബി ആൻറ് സി) തിരുവനന്തപുരം, കൊല്ലം, കരുനാഗപ്പള്ളി, തിരുവല്ല, ചേർത്തല, മീനച്ചിൽ, ചങ്ങനാശ്ശേരി, വൈക്കം, തൊടുപുഴ, കണയന്നൂർ, മുകുന്ദപുരം, ആലത്തൂർ, പൊന്നാനി, കോഴിക്കോട്, തലശ്ശേരി എന്നീ 15 താലൂക്കുകളിൽ ആയി ഇതിനകം 175 സ്റ്റോറുകൾ ആരംഭിച്ചു കഴിഞ്ഞു.

(ഡി) സ്റ്റോറുകളുടെ നിയമനകാര്യത്തിൽ ഹരിജനങ്ങൾക്ക് മുൻ ഗണന നൽകുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ മേൽപ്രസ്താവിച്ച താലൂക്കുകളിലെ ഓരോ പഞ്ചായത്തിലും ഹരിജനങ്ങൾ തിങ്ങിപാർക്കുന്ന സ്ഥലത്ത് കൂടുതലായി ഒരു കടകൂടി തുടങ്ങുന്നതിനും നിർദ്ദേശിച്ചിട്ടുണ്ട്.

''കോയിക്കൽ ചന്ത'' എന്ന സ്ഥലത്ത് സബ് രജിസ്ട്രാർ ഓഫീസ് ആരംഭിക്കാൻ നടപടി

16 [31] ശ്രീ. കല്ലട നാരായണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശൂരനാടു തെക്ക്, ശൂരനാട് വടക്ക് പഞ്ചായത്തുകളുടെ സൗകര്യത്തിനു വേണ്ടി 'കോയിക്കൽ ചന്ത' എന്ന സ്ഥലത്ത് ഒരു സബ് രജിസ്ട്രാർ ഓഫീസ് തുടങ്ങണമെന്നഭ്യർത്ഥിച്ചു കൊണ്ട് ഗവൺമെൻറിലേക്ക് നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ സബ് രജിസ്ട്രാർ ഓഫീസ് തുടങ്ങുന്നതിനുള്ള നടപടികൾ എന്തുവരെയായി എന്നു വിശദമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ സാമ്പത്തിക വർഷം തന്നെ അതു തുടങ്ങുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി, സി) ഇക്കാര്യം പരിഗണനയിൽ ഇരിക്കുകയാണ്.

കേരളാസ്റ്റോറുകൾ തുടങ്ങുന്നതിനുള്ള സാമ്പത്തിക സഹായം

17 [32] ശ്രീ. പി. ബി. ആർ. പിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര കേരളാസ്റ്റോറുകൾ ഇതിനകം തുറക്കുവാൻ കഴിഞ്ഞിട്ടുണ്ട്;

(ബി) അവ ഓരോ ജില്ലയിലും എത്ര വീതം; എവിടെയെല്ലാം;

(സി) അടുത്ത ആറു മാസത്തിനുള്ളിൽ എത്ര കേരളാസ്റ്റോറുകൾ കൂടി തുടങ്ങാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ;

(ഡി) കേരളാസ്റ്റോറുകൾ തുടങ്ങുന്നതിനുള്ള സാമ്പത്തിക സഹായം സാമ്പത്തിക സ്ഥാപനങ്ങളിൽ നിന്നും നേടുവാനുള്ള ബുദ്ധിമുട്ടുകൾ ലഘൂകരിക്കുവാൻ എന്തെങ്കിലും നടപടികൾ ആസൂത്രണം ചെയ്യുമോ ?

ഉത്തരം

(എ) 175

(ബി) തിരുവനന്തപുരം .. 11
കൊല്ലം .. 29
ആലപ്പുഴ .. 21
കോട്ടയം .. 41
ഇടുക്കി .. 9
എറണാകുളം .. 6
തൃശ്ശൂർ .. 10
പാലക്കാട് .. 21
മലപ്പുറം .. 5
കോഴിക്കോട് .. 14
കണ്ണൂർ .. 8

(സി) ഈ വർഷാവസാനമാകുമ്പോൾ 500 കേരളാ സ്റ്റോറുകൾ തുറക്കുന്നതാണ്.

(ഡി) എല്ലാ ബാങ്കുകളോടും ഈ പദ്ധതിയുടെ വിജയത്തിനുവേണ്ടി ആത്മാർത്ഥമായി സഹകരിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ എല്ലാ ജില്ലാകളക്ടർമാരോടും അതത് ജില്ലകളിലെ ബാങ്കുകളിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരുമായി കൂടിയാലോചിച്ച് കേരളാ സ്റ്റോർ നടത്തുന്നവർക്ക് യാതൊരു പ്രയാസവും കൂടാതെ ബാങ്ക് വായ്പ നൽകാനുള്ള സംവിധാനം ഉണ്ടാക്കാനും ആവശ്യപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly